# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM//P4/1426/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 08/09/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM//P4/1426/2023 തീയ്യതി: 08/09/2023

## കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-12-2022 മുതൽ 07-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 20-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി പ്രിത. എസ്. എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. അരുൺജിത്ത്. ജി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. അനിൽകുമാർ. എസ്, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.അനീഷ് പടപ്പക്കര | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിജിമോൾ അലക്സ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സോണാൽ സലിം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ജിമ്മിദാസ്.വൈ | വി.ഇ.ഒ. | 01-04-2022 | 23-02-2023 |
| ശ്രീമതി.ശോഭദേവി.വി | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ഡോ.മാധുരി.ജി | വെറ്റിനറി സർജൻ | 01-04-2022 | 30-01-2023 |
| ഡോ.ദീപാമേരി | വെറ്റിനറി സർജൻ | 31-01-2023 | 31-03-2023 |
| ഡോ.ബർട്ടില്ല ബെഞ്ചമിൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ജിജി.ജി | മെഡിക്കൽ ഓഫീസർ- ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.മീനു.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 11-09-2022 |
| ശ്രീമതി.ആശ.വൈ.വി. | അസിസ്റ്റന്റ് എഞ്ചിനിയർ | 12-09-2022 | 31-03-2023 |
| ശ്രീമതി.മേരി ലത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രാജലക്ഷ്മി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-01-2023 |
| ശ്രീമതി.നിഷ എലിസബത്ത് | ഫിഷറീസ് ഇൻസ്പെക്ടർ | 01-02-2023 | 05-02-2023 |
| ശ്രീ.സുബാഷ് സി.എൽ | ഫിഷറീസ് ഇൻസ്പെക്ടർ | 06-02-2023 | 31-03-2023 |
| ശ്രീമതി.ഷീബ ഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ആന്റണി.ജെ | ഹെഡ്മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീമതി.മീനിമോൾ.ജെ | ഹെഡ്മിസ്ട്രസ് | 01-07-2022 | 20-07-2022 |
| ശ്രീമതി.വാഹിദ | ഹെഡ്മിസ്ട്രസ് | 21-07-2022 | 31-03-2023 |
| ശ്രീമതി.വത്സഗോഡ്ഡിൽ | അക്രഡിറ്റഡ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്നി മറിയം | ഓവർസിയർ MGNREGS | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| മാത്യൂ | | | |
| ഡോ. പിങ്കി. എ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 17-04-2022 |
| ഡോ. ഷീന. പി. എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 18-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകളും അതത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-5 |
| 7 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-6 |
| 8 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നിലൽ | 1-1-7 |
| 9 | ട്രഷറിയിൽ നിന്നും പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആർ-ൽ നിന്നും ഒഴിവാക്കിയിട്ടില്ല | 1-1-8 |
| 10 | കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | നികുതി-നികുതിയേതര വരുമാനം വർദ്ധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ-മേന്മകൾ, പോരായ്മകൾ | 1-11 |
| 21 | ലേലം-പബ്ലിക്ക് മാർക്കറ്റ് ഗേറ്റ് ഫീസിനോടൊപ്പം ജി.എസ്.ടി | 1-12 |

| | | |
|---|---|---|
| | ഈടാക്കിയില്ല. | |
| 22 | പബ്ലിക്ക് മാർക്കറ്റ് മാട്ടിറച്ചി ലേലം- ലേലതുക ഈടാക്കിയിട്ടില്ല. | 1-13 |
| 23 | വാടക പൂർണ്ണമായും ഈടാക്കാതെ ഡെപ്പോസിറ്റ് തുക തിരികെ നൽകി. | 1-14 |
| 24 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. 60,300/-രൂപയുടെ ചെലവ് നിരാകരിക്കുന്നു | 1-15 |
| 25 | ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ്, എന്നിവ ഈടാക്കിയിട്ടില്ല. | 1-16 |
| 26 | വാടക കുടിശ്ശികയോടൊപ്പം പിഴപ്പലിശ ഈടാക്കുന്നില്ല. | 1-17 |
| 27 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 1-18 |
| 28 | ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിലെ വാടക ഈടാക്കുന്നില്ല. | 1-19 |
| 29 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-20 |
| 30 | വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 31 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-22 |
| 32 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല | 1-23 |
| 33 | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-24 |
| 34 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - വീട്ടുകൾ പൂർത്തീകരിച്ചില്ല. | 1-25 |
| 35 | ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല. | 1-26 |
| 36 | വിനിയോഗിക്കാതെ ശേഷിച്ച വികസന ഫണ്ട് വിഹിതം സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ് | 1-27 |
| 37 | ഹരിത കർമ്മസേന - പ്രവർത്തനാവലോകനം | 1-28 |
| 38 | ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ് – തുടർ നടപടി രേഖയില്ല | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.60,300/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പേരയം ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 30.06.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 30.06.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാകാക്കിയ ഈ അക്കൌണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പേരയം ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും

പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = ₹5,42,14,306/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = - ₹88,960/-

### 1-1-3 വാർഷിക കണക്കുകളിലെ തുകകളും അതത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

(I) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(Ii) വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ള അഡ്വാൻസ് തുകകളുടെ വിവരം രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(Iii) ബാലൻസ് ഷീറ്റിലെ B-14 ഷെഡ്യൂളിൽ സ്റ്റോക്കിന്റെ മൂല്യം ₹2,09,384/- എന്ന് കാണിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(Iv) വിവിധ ഗ്രാന്റ് ഇനങ്ങളുടെ വരവ് ചെലവ് വിശദാംശങ്ങൾ ഉൾപ്പെടുത്തിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഫണ്ടുകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

വസ്തുനികുതി വരവ്, കുടിശ്ശിക വിവരങ്ങൾ കൃത്യമല്ല. സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളിലെ കൃത്യത കാണിക്കുന്നതിനു നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല. 31-03-23 ന് ഒരു എൻട്രി മാത്രമാണ് നടത്തിയിട്ടുള്ളത്.

### 1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രയർ പീരിയഡ് ഐറ്റംസ് ഇനത്തിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികത കാണിക്കുന്ന ജേർണൽ വൗച്ചറുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-7 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

### 1-1-8 ട്രഷറിയിൽ നിന്നും പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആർ-ൽ നിന്നും ഒഴിവാക്കിയിട്ടില്ല

താഴെ പറയുന്ന ഫണ്ടുകളുടെ ട്രഷറിയിൽ നിന്നും പേയ്മെന്റ് ആയിട്ടില്ലാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആർ-ൽ നിന്നും ഒഴിവാക്കിയിട്ടില്ല.

| ക്രമ നം. | ഫണ്ട് ഇനം | ബിൽ തുക ₹ |
|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | 3,255 |
| 2 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 4,96,551/- |

### 1-1-9 കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

താഴെ പറയുന്ന ഹെഡുകളിലെ മുൻവർഷ നീക്കി ബാക്കിയും തൻവർഷ മുൻബാക്കിയും തമ്മിൽ വ്യത്യാസം കാണുന്നു.

| ഹെഡ് കോഡ് | 31.03.22 ലെ നീക്കിബാക്കി | 01.04.22 ലെ മുൻബാക്കി |
|---|---|---|
| 320200399 | ₹36,000 | ₹37,224 |
| 320800199 | 0 | ₹36,000 |

### 1-2 ബജറ്റ്

25.3.22 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ പരിഷ്കരിച്ച ബജറ്റ് 21.3.23 തീയതിയിലെ 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹95,95,494/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹3,17,79,360/- |
| ആകെ | ₹4,13,74,854/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹3,18,68,320/- |
| നീക്കിയിരിപ്പ് | ₹95,06,534/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹60,300/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹33,26,910/- |

പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുടങ്ങി ട്രഷറി അക്കൗണ്ടിൽ വന്നവ റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ടിൽ ഉൾപ്പെടാത്തതിനാൽ സാമ്പത്തിക സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) GO(P)174/22 പ്രകാരം കുറവ് ചെയ്ത തുക ഉൾപ്പെടെ) | 0 | 1,51,50,929/- | 1,51,50,929/- | 1,45,22,502/- | 6,28,427/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 72,72,071/- | 72,72,071/- | 65,55,596/- | 7,16,475/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,62,24,000/- | 1,62,24,000/- | 82,36,831/- | 79,87,169 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 46,14,000/- | 46,14,000/- | 44,21,200/- | 1,92,800/- |
| ധനകാര്യകമ്മീഷൻഗ്രാന്റ് (ബേസിക്) - ട്രഷറി | 0 | 15,52,029/- | 15,52,029/- | 15,24,370/- | 27,659/- |
| ധനകാര്യകമ്മീഷൻഗ്രാന്റ് (ബേസിക്) - ബാങ്ക് | 11,24,979/- | 22,29,000 + 81,727 (പലിശ) | 34,35,706/- | 28,32,234/- | 6,03,472/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)- ട്രഷറി | 0 | 1,86,961/- | 1,86,961/- | 0 | 1,86,961/- |
| ധനകാര്യകമ്മീഷൻഗ്രാന്റ് (ടൈഡ്)- ബാങ്ക് | 17,99,516 | 33,44,000 + 42,534 (പലിശ) | 51,86,050/- | 29,43,698/- | 22,42,352/- |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 10,02,049 | 0 | 10,02,049 | 7,35,904 | 2,66,145 |
| സാക്ഷരത | 2,025 | 165 | 2,190 | 0 | 2,190 |
| ലൈഫ് സംസ്ഥാന വിഹിതം | 1,40,000 | 5,00,000 | 6,40,000 | 5,60,000 | 80,000 |
| കുടിവെള്ള പദ്ധതി ഗ്രാന്റ് | 10,000 | 0 | 10,000 | 0 | 10,000 |
| ലൈബ്രറി ഗ്രാന്റ് | 0 | 11,640 | 11,640 | 11,640 | 0 |

| | | | | | |
|---|---|---|---|---|---|
| ഐസിഡിഎസ് | 5,73,833 | 10,54,650 | 16,28,483 | 5,58,908 | 10,69,575 |
| എംജിഎൻആർഇജിഎ | 181 | 7,65,931 | 7,66,112 | 7,64,099 | 2,013 |
| സമ്പൂർണ്ണ ശുചിത്വം (ടിഎസ് സി) | 7,72,283 | 56,745 | 8,29,028 | 5,75,000 | 2,54,028 |
| നിർമ്മൽ പുരസ്കാരം | 3,13,800 | 0 | 3,13,800 | 0 | 3,13,800 |
| ഹെൽത്ത് ഗ്രാന്റ് റൂറൽ പിഎച്ച്സി | 0 | 1,35,000 + 1,510 (പലിശ) | 1,36,510 | 1,34,644 | 1,866 |
| ഹെൽത്ത് ഗ്രാന്റ് ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 2,64,733 + 2,799 (പലിശ) | 2,67,532 | 1,44,951 | 1,22,581 |
| പ്രത്യേക ഗ്രാന്റ് | 56,739 | 0 | 56,739 | 0 | 56,739 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 10,64,39,635 | 122 | 4,82,08,481 | 0 | 33 | 78 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 181 | 7,65,931 | 7,66,112 | 7,64,099 | 2013 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,00,03,909 | 3,00,03,909 | 3,00,03,909 | 0 |
| ആകെ | 181 | 3,07,69,840 | 3,07,70,021 | 3,07,68,008 | 2013 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 23,760 |
| കർഷകതൊഴിലാളി പെൻഷൻ | 5,77,200 |
| വിധവാപെൻഷൻ | 77,31,400 |
| വാർദ്ധക്യകാലപെൻഷൻ | 1,34,47,000 |
| വികലാംഗപെൻഷൻ | 29,03,400 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,81,000 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,10,000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.7.23 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹4,792/-ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ളവർ ശ്രദ്ധിക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും ILGMS വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യുമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.
ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.റോഡ് കണക്ടിവിറ്റി മാപ്പ് അന്തിമമാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
റിപ്പോർട്ടിലെ പ്രധാന നിരീക്ഷണങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

1. പബ്ലിക്ക് മാർക്കറ്റ് മാട്ടിറച്ചി ലേലം- ലേലതുക ഈടാക്കിയിട്ടില്ല. (ഖണ്ഡിക 1-13 കാണുക)
2. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടക, കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ്, എന്നിവ ഈടാക്കിയിട്ടില്ല. (ഖണ്ഡിക 1-16,1-17,1-19 കാണുക)
3. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. (ഖണ്ഡിക 3-1 കാണുക)

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്,

ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പിലാക്കുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന് രേഖയില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പ്രാപ്തമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.1.18 To 6.2.18 | 2012-13 To2016-17 | 28.3.18 |
| പെർഫോർമൻസ് ഓഡിറ്റ് | 17.1.23-18.1.23 | 10/22-12/22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

1-11 നികുതി-നികുതിയേതര വരുമാനം വർദ്ധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ-മേന്മകൾ, പോരായ്മകൾ

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

2022-23 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 14 പ്രാവശ്യം കൂടിയിട്ടുണ്ടെങ്കിലും നികുതി-നികുതിയേതര വരുമാനം വർദ്ധിക്കുന്നതിനോ, കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനോ, പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുന്നതിനോ യാതോരു നടപടികളും സ്വീകരിച്ചിട്ടില്ല. നിലവിലുള്ള വരുമാന മാർഗ്ഗങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, ലേലം, വാടക എന്നിവ പ്രകാരം കളക്ട് ചെയ്ത തുകകൾ വാർഷികണക്കുകളുമായി പൊരുത്തപ്പെടുന്നു. വസ്തുനികുതി കളക്ഷൻ 100% ആണ്. ഗ്രാമപഞ്ചാത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിലെ വാടക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു (ഖണ്ഡിക-1-19).

2) വസ്തുനികുതി

2022-23 ൽ വസ്തുനികുതി കളക്ഷൻ 100% ആണ്. 1.4.23 തിയതി മുതൽ പഴയ നിരക്കിൽ നിന്നും 5% വർദ്ധനവ് വരുത്തി പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നുണ്ടെങ്കിലും, പുതിയ നിരക്ക് അന്തിമമായി അംഗീകരിച്ചിട്ടില്ല. വസ്തു നികുതി പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ ദിനപത്രങ്ങളിലും, നോട്ടീസ് ബോർഡുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് 1.4.23 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക നടപടിക്രമങ്ങൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂ. തുടർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വസ്തുനികുതി കണക്കാൻ ആവശ്യമായ റോഡ് മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി സംബന്ധിച്ച ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല. നിലവിൽ ബജറ്റിലെ പ്രതീക്ഷിത വരവ്, ILGMS വരവ് എന്നിവ സഞ്ചയ വരവുമായി പൊരുത്തപ്പെടുന്നു.

സ്വകാര്യ ഹോസ്റ്റൽ,വിദ്യാഭ്യാസ സ്ഥാപത്തന്റെ കോമ്പൌണ്ടിൽ വരുന്നതും, അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, എം.എസ്.എം.ഇ. വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിൽസ കേന്ദ്രങ്ങൾ, റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേകൾ എന്നിവ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. നിലവിൽ ഒരു ഹോംസ്റ്റേ (കെട്ടിട

നമ്പർ- 24, 26, 27, 46) സുന്ദരതീരം എന്ന പേരിൽ പ്രവർത്തിക്കുന്നതിന്റെ വസ്തുനികുതി 1m2 ന് 40/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ട്. അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരണ രജിസ്റ്റർ പ്രകാരം 120 കെട്ടിടങ്ങൾ ഉണ്ടെങ്കിലും, ആയത് ക്രമവത്ക്കരിക്കുന്നതിനോ, മൂന്നിരട്ടി നികുതി ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 5മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, 3 എണ്ണത്തിന് 1m2 ന് 400/-രൂപ നിരക്കിൽ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കുന്നു. ബാക്കി 2 എണ്ണത്തിനെതിരെ വസ്തുനികുതി ഈടാക്കുന്നതിന് ആർ.ആർ.നടപടി സ്വീകരിച്ചിട്ടുണ്ട്.

3) സേവനഉപനികുതി

16% സർവ്വീസ് ചാർജ്ജ് വസ്തുനികുതിയോടൊപ്പം ഈടാക്കുന്നു.

4) തൊഴിൽ നികുതി

തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ഗവൺമെന്റ് -സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പത്രികകൾ, കച്ചവട സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഡി.സി.ബി രജിസ്റ്റർ,ട്രേഡ്സ് ലിസ്റ്റ് എന്നിവ ഗ്രാമപഞ്ചായത്തിൽ പരിപാലിക്കുന്നുണ്ട്.അഭിഭാഷകർ,സ്വകാര്യഡോക്ടർമാർ എന്നീ പ്രൊഫഷണലുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാത്തതിനാൽ അവരുടെ ഡാറ്റാകൾ സൂക്ഷിക്കുന്നില്ല.മരാമത്ത് പണി ചെയ്യുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനിയർ, സൂപ്പർവൈസർമാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. വാർഷിക ധനകാര്യപത്രികയിലെയും തൊഴിൽ നികുതി രജിസ്റ്ററുകളിലെയും ഡി.സി.ബി.കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നു.

5) വിനോദനികുതി

വിനോദനികുതി ഈടാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഇല്ല.

6) നികുതിയേതര വരവുകൾ

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. ട്രേഡ്സ് ലിസ്റ്റ്, തൊഴിൽ നികുതിഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണം, ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണം എന്നീ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ട്രേഡ്സ് ലിസ്റ്റ് പ്രകാരം കച്ചവട സ്ഥാപനങ്ങളുടെ എണ്ണം | തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണം, | ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 206 | 165 | 164 |

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക, മാട്ടിറച്ചി ലേലതുക എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡികകൾ കാണുക. കാലഹരണപ്പെട്ട ആസ്തികളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

1-12 ലേലം-പബ്ലിക്ക് മാർക്കറ്റ് ഗേറ്റ് ഫീസിനോടൊപ്പം ജി.എസ്.ടി ഈടാക്കിയില്ല.

2022-23 ൽ പേരയം ഗ്രാമപഞ്ചായത്തിലെ പബ്ലിക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കുന്നതിന് ശ്രീ. ശ്രീകുമാർ, ഒഴിപ്പിൽവിള തെക്കതിൽ എന്ന വ്യക്തി 43,000/- (Rs. 5,000/- Rt.No.1220103048/21.3.22, Rs. 33,000/-Rt.No.1220103081/ 22.3.22, Rs. 5,000/- Rt. No.1220103084/27.3.22) രൂപയ്ക്ക് ലേലം കൊള്ളുകയും, തുക ഒടുക്കുവരുത്തുകയും ചെയ്തു. തുകയോടൊപ്പം ലേലനിബന്ധനയിൽ ഉൾപ്പെട്ട 18% ജി.എസ്.ടി തുകയായ 7,740/- രൂപ ഈടാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ വ്യക്തിയിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. 7,740/- രൂപ തുക ഈടാക്കി ബന്ധപ്പെട്ട സർക്കാർ അക്കൌണ്ടുകളിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം - 7/15.7.23

നഷ്ടം - 7,740/- രൂപ

1-13 പബ്ലിക്ക് മാർക്കറ്റ് മാട്ടിറച്ചി ലേലം- ലേലതുക ഈടാക്കിയിട്ടില്ല.

2022-23 ൽ പേരയം ഗ്രാമപഞ്ചായത്തിലെ പബ്ലിക്ക് മാർക്കറ്റ് മാട്ടിറച്ചി ലേലം ശ്രീ. ജോയി. പി, കൊച്ചുത്തേൻ വീട്, പടപ്പക്കര എന്ന വ്യക്തി 10,62,000/- രൂപയ്ക്ക് ലേലം കൊള്ളുകയും, 6,00,000/- രൂപ (Rs. 1,00,000/- Rt.No.1220100002/6.4.22, Rs. 4,00,000/-Rt.No.1220100027/ 8.4.22, Rs. 1,00,000/- Rt. No.1220100290/10.5.22) ഒടുക്കുവരുത്തുകയും ചെയ്തു. ബാക്കി 4,62,000/- രൂപയും 18% ജി.എസ്.ടി, പിഴപ്പലിശ എന്നിവയും ഈടാക്കിയിട്ടില്ല. ആയതിന് നാളിതുവരെ സ്വീകരിച്ച നടപടി വിവരം രേഖാമൂലം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആർ. ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആർ. ആർ. നടപടിയിലൂടെ മേൽപ്രകാരമുള്ള തുക ഈടാക്കി രേഖാമൂലം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

എൻക്വയറി നം - 11/15.7.23

1-14 വാടക പൂർണ്ണമായും ഈടാക്കാതെ ഡെപ്പോസിറ്റ് തുക തിരികെ നൽകി.

2022-23 ൽ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 12/452-നമ്പർ കടമുറി ശ്രീ. അനൂബ് ആന്റണി, അനുജഭവൻ എന്ന വ്യക്തി 420/- രൂപ മാസവാടക നിരക്കിൽ 27.4.22 തിയതിയിൽ ലേലംകൊള്ളുകയും, 5/22 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 5/22 മുതൽ 12/22- വരെയുള്ള വാടകതുക 3,360/- രൂപ 18% GST ഉൾപ്പെടെ 2.12.22-ൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തുകയും, കടമുറി ഒഴിയുന്നതിനുള്ള അപേക്ഷ നൽകുകയും ചെയ്തു. ഈ വ്യക്തിയുമായി ഗ്രാമപഞ്ചായത്ത് വാടകകരാർ ചമച്ചിട്ടില്ല. ലേല നിബന്ധനയിൽ ഉൾപ്പെട്ട 11- മാസവാടകയിൽ 3 മാസത്തെ വാടകകുടിശ്ശിക നിലനിൽക്കെ ഡിപ്പോസ്റ്റ് തുകയായ 3,000/- രൂപ 753104/2012.22-ലെ ചെക്ക് പ്രകാരം തിരികെ നൽകി. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ആർട്ടിക്കിൾ എ പ്രകാരം ലേലത്തിൽ വിജയിക്കുന്ന ആൾ തുക പൂർണ്ണമായി ഒടുക്കിയതിനു ശേഷം മാത്രമേ ഇ.എം.ഡി /ഡിപ്പോസ്റ്റ് തുക തിരികെ നൽകാവൂ. ലേല നിബന്ധനകൾക്ക് വിരുദ്ധമായി 3 മാസത്തെ വാടക തുകയായ 1,260/- രൂപയും, 18% ജി.എസ്.ടിയും ഉൾപ്പെടെ കുടിശ്ശിയായപ്പോൾ ആ തുക ഡിപ്പോസ്റ്റ് തുകയിൽ നിന്നും ഈടാക്കാതെ ആയത് തിരികെ നൽകിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി വ്യക്തിക്ക് നോട്ടീസ് നൽകി തുക ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം - 5/15.7.23

1-15 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. 60,300/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. എസ്.ഒ 193/2023 പോത്തുകുട്ടി വിതരണം (ജനറൽ-വനിത), പ്രോജക്റ്റ് നം. (എസ്.ഒ.104/2023) മുട്ടകോഴി വളർത്തൽ (എസ്.സി വനിത) എന്നീ പ്രോജക്ടുകളിൽ ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെടാത്ത ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റിയുടെ വിവിധ തീയതികളിലെടുത്ത തീരുമാനപ്രകാരം അധികഗുണഭോക്തക്കളായി അംഗീകരിച്ച് ആനുകൂല്യം നല്കിട്ടുണ്ട്. പ്രസ്തുത വാർഡുകളിലെ ഗുണഭോക്തൃ ആനുകൂല്യവിതരണത്തിനായി അതിന് മുമ്പ് ചേർന്ന ഗ്രാമസഭയുടെ മിനിട്സിൽ ടി ഗുണഭോക്താക്കൾ ഉൾപ്പെട്ടില്ല. സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 ,12.3 (16) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒഴിവായി പോയ അർഹരേ കൂട്ടിചെർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണം. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളെ ഇപ്രകാരം ഗ്രാമസഭയിൽ തെരഞ്ഞെടുത്ത് അംഗീകരിച്ചിട്ടില്ല.

ആയതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച സബ്സിഡി തുകയായ 60,300/- രൂപ നിർവ്വഹണോദ്യോഗസ്ഥ, സെക്രട്ടറി, ഗുണഭോക്താക്കളെ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റിയിൽ ഹാജരായ അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദാംശം ഖണ്ഡിക 3(1) ൽ ചേർത്തിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നമ്പർ – 15/2022-23 / 19.07.2023

1-16 ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ്, എന്നിവ ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205(എ-കെ)പ്രകാരം ഒരു പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലോ, ബിസിനസ് നടത്തുകയോ, പൊതുവായോ, സ്വകാര്യമായോ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതോരാളും അവരുടെ വരുമാനമനുസരിച്ച് തൊഴിൽനികുതി ഒടുക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 232(1), 233 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാനോ, സ്ഥാപനങ്ങൾ പ്രവർത്തിക്കാനോ പാടില്ല.

മേൽ നിയമങ്ങൾക്ക് അനുസൃതമായി പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ കച്ചവടം നടത്തുന്ന ലേലംകൊണ്ട വ്യക്തികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. 2022-23 ൽ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കാതെ പ്രവർത്തിക്കുന്ന വ്യക്തികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | കടമുറികളിൽ കച്ചവടം നടത്തുന്ന ലേലംകൊണ്ട വ്യക്തികളുടെ പേരുവിവരം |
|---|---|
| 1. | ലിബിൻ, ലാലു നിവാസ് (12/540) |
| 2. | ശ്രീ. സുരേഷ് സെറ്റിൽമെന്റ് കോളനി (12/451) |
| 3. | ജോൺസൺ, കോട്ടയ്ക്കകം ഹൌസ് (12/449), (12/454), (12/453) |
| 4. | അനുബ് ആന്റണി, അനുജ ഭവൻ (12/452) |
| 5. | ഷിബു തമ്പൻ, തോട്ടിൽ പുരയിൽ, കൊടുവിള (12/446) |
| 6. | മണികണ്ഠൻ, ചരുവിള വീട്, കണ്ണനല്ലൂർ (12/447) |
| 7. | സുജാത, ചെറുപുഷ്പം വിലാസം, പടപ്പാക്കര (12/448) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ പ്രവർത്തിക്കുന്ന മേൽ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ അടിയന്തിരമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

എൻക്വയറി നം. 4/15.7.23

1-17 വാടക കുടിശ്ശികയോടൊപ്പം പിഴപ്പലിശ ഈടാക്കുന്നില്ല.

2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങൾ, ചട്ടം 7(1) പ്രകാരം വ്യാപാരാവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും പൊതുജനങ്ങൾക്ക് നിയമത്തിനും ചട്ടങ്ങൾക്കും അനുസൃതമായി പഞ്ചായത്ത് രൂപീകരിക്കുന്ന ബൈലോയിലെ നിബന്ധനകൾക്ക് അനുസൃതമായി പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് ഈടാക്കി ലൈസൻസിന്മേൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകാവുന്നതുമാണ്. ഗ്രാമപഞ്ചായത്ത് വാടക സംബന്ധിച്ച ബൈലോ, ലേലംകൊണ്ട വ്യക്തികളുമായി കരാർ എന്നിവ ചമച്ചിട്ടില്ലാത്തതിനാൽ വാടക കുടിശ്ശികയാക്കിയവർ

ഒടുക്കേണ്ട പിഴപലിശ പ്രതിമാസം 1% നിരക്കിലാണ്. എന്നാൽ 2022-23 ൽ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിലെ വാടക കുടിശ്ശികയോടൊപ്പം പിഴപ്പലിശ കുറവായിട്ടാണ് ഈടാക്കിയിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ലേലംകൊണ്ട വ്യക്തിയുടെ പേരുവിവരം | മാസ വാടക | ഈടാക്കേണ്ട പിഴപ്പലിശ | ഈടാക്കിയ പിഴപ്പലിശ/കാലയളവ് | അവശേഷിക്കുന്ന പലിശ | വാടകയിനത്തിൽ ഒടുക്കിയ തുക/ തിയതി |
|---|---|---|---|---|---|
| ലിബിൻ, ലാലു നിവാസ് (12/540) | 3,829/- | 804.90/- (3829*6*6) | 268/- (4/22-10/22) | 537/- | 26.10.22 Rs. 26803+GST |
| അനുബ് ആന്റണി അനുജ ഭവൻ (12/452) | 420/- | 117.60/- (420*7*7) | 88/- (5/22-12/22) | 30/- | 2.12.22 Rs. 3780+GST |
| | | | ആകെ- | 567/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക സംബന്ധിച്ച ബൈലോ, ലേലംകൊണ്ട വ്യക്തികളുമായി കരാർ എന്നിവ ചമച്ചിട്ടില്ലാത്തതിന് വിശദീകരണം ലഭ്യമാക്കുകയും പിഴപ്പലിശയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 567/- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കുകയും ചെയ്യേണ്ടതാണ്.

എൻക്വയറി നം – 10/15.7.23

## 1-18 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205(എ-കെ)പ്രകാരം ഒരു പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലോ, ബിസ്സിനസോ നടത്തുകയോ, പൊതുവായോ, സ്വകാര്യമായോ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളും അവരുടെ വരുമാനമനുസരിച്ച് തൊഴിൽനികുതി ഒടുക്കേണ്ടതാണ്. 2022-23 ൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം/പ്രോഫഷണലുകൾ | അർദ്ധവർഷം |
|---|---|
| N.S.S ആർട്ട്സ് & സയൻസ് കോളജ്, കുണ്ടറ | 1&11 |
| കുമ്പളം സർവ്വീസ് സഹകരണ ബാങ്ക് | 1 |
| മെഡി സ്റ്റാഫ് ഇൻഫോടെക്ക് | 1 |
| പി.കെ.ജെ,എം ഹൈസ്കൂൾ, പേരയം | 1&11 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. നികുതി ഈടാക്കാത്തതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം. 6/15.7.23

## 1-19 ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിലെ വാടക ഈടാക്കുന്നില്ല.

2022-23 ൽ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ കച്ചവടം നടത്തുന്ന താഴെ പറയുന്ന താഴെ പറയുന്നവരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

| ലേലംകൊണ്ട വ്യക്തിയുടെ പേരുവിവരം | മാസവാടക | ഈടാക്കാനുള്ള വാടക |
|---|---|---|
| ഷിബു തമ്പൻ, തോട്ടിൽ പുരയിൽ, കൊട്ടുവിള (12/446) | 2618/- | Rs.31,416/-<br>(2618*12) |
| മണികണ്ഠൻ, ചരുവിള വീട്, കണ്ണനല്ലൂർ<br>(12/447) | 2699/- | Rs.32,388/-<br>(2699*12) |
| വാൾട്ടർ, വാൽജിൻ വിലാസം, പടപ്പക്കര (12/456) | 538/- | Rs.6,456/-<br>(538*12) |
| സുജാത, ചെറുപുഷ്പം വിലാസം, പടപ്പക്കര (12/448) | 2250/- | Rs.11,250/-<br>(2250*5)<br>(7/22 മാസംവരെ വാടക ഒടുക്കുവരുത്തിയിട്ടുണ്ട്) |
| | ആകെ | 81,510/- |

മേൽ വ്യക്തികളിൽ നിന്നും കടമുറികളുടെ വാടക കുടിശ്ശിക, ജി.എസ്.ടി, പിഴപ്പലിശ എന്നിവ ഉൾപ്പെടെയുള്ള തുക ഈടാക്കാൻ ഗ്രാമപഞ്ചായത്തും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നാളിതുവരെ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആവശ്യമെങ്കിൽ ആർ.ആർ. ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും തുക ഈടാക്കേണ്ടതാണ്. സ്വീകരിച്ച നടപടിവിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം - 12/15.7.23

## 1-20 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205(എ-കെ) പ്രകാരം ഒരു പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലോ, ബിസിനസ്സോ നടത്തുകയോ, പൊതുവായോ, സ്വകാര്യമായോ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഏതൊരാളും അവരുടെ വരുമാനമനുസരിച്ച് തൊഴിൽനികുതി ഒടുക്കേണ്ടതാണ്. 2022-23 ൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ /പ്രോഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം/പ്രോഫഷണലുകൾ | അർദ്ധവർഷം |
|---|---|
| പി.കെ.ജെ,എം ഹൈസ്കൂൾ, പേരയം | 1&11 |
| കുമ്പളം സർവ്വീസ് സഹകരണ ബാങ്ക് | 1 |
| ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് (ആർദ്രം പദ്ധതി ) | 1&11 |
| മരാമത്ത് പണി ചെയ്യുന്ന കരാറുകാർ | 1&11 |
| ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനിയർ, സൂപ്പർവൈർമാർ. | 1&11 |
| റേഷൻ വ്യാപാരികൾ | 1&11 |

തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം. 13/15.7.23

## 1-21 വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കുന്ന പദ്ധതികൾക്കായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിനായും/മുൻകൂർ വിഹിതമായും തുക നൽകിയിട്ടുണ്ട്.

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/നമ്പർ | നിർവ്വഹണ ഏജൻസി | ബിൽനം/ ചെക്ക് നം. മുൻകൂർ നൽകിയ തുക ₹ |
|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ വലിക്കൽ<br>പ്രോജക്റ്റ് നം. (SO.175/23)<br>അടങ്കൽ- 4,23,646/- രൂപ (വികസനഫണ്ട്)<br>ചെലവ് - 4,23,646/-രൂപ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4,23,646/-<br>(ബിൽ നമ്പർ 1173245/22-23, തീയതി. 16.02.23) |
| | | | (ആകെ എസ്റ്റിമേറ്റ് തുകയായ 7,65,646/-രൂപയിൽ 3,42,000/- രൂപ 20-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നല്കിയിട്ടുണ്ട്.) |
| 2 | ജീവനം – ഗ്രാമപഞ്ചായത്ത് വിഹിതം<br>പ്രോജക്റ്റ് നം. 139/23<br>അടങ്കൽ - 200000/- രൂപ (വികസനഫണ്ട്)<br>ചെലവ് – 2,00,000/- രൂപ | ജില്ലാ പഞ്ചായത്ത് | തുക 2,00,000/-<br>(ബിൽ നമ്പർ 1047520, തീയതി. 13.01.2023) |
| 3 | കുഴൽ കിണറുകൾ നിർമ്മിക്കൽ<br>പ്രോജക്റ്റ് നം. (എസ്.ഒ.144/2023)<br>അടങ്കൽ – 22,35,780/- രൂപ (ധനകാര്യകമ്മിഷൻ ഗ്രാന്റ്)<br>ചെലവ് – 15,19,443/- രൂപ | ജില്ലാ ഓഫീസർ (ഭൂജലവകുപ്പ്) | തുക - 13,85,600/- (വൗച്ചർ നമ്പർ XVFC/2022-23/P/8.17.01.2023)<br>തുക - 1,33,843/- (വൗച്ചർ നമ്പർ XV/FC/2022-23/P/17, തീയതി. 14.03.2023) |
| | കുഴൽ കിണറുകൾ നിർമ്മിക്കൽ (രണ്ടാം ഘട്ടം)<br>പ്രോജക്റ്റ് നം. (എസ്.ഒ.145/2023)<br>അടങ്കൽ - 9,64,220/- രൂപ (ധനകാര്യകമ്മിഷൻ ഗ്രാന്റ്)<br>ചെലവ് – 9,64,220/- രൂപ | ജില്ലാ ഓഫീസർ (ഭൂജലവകുപ്പ്) | തുക- 9,64,220/- (വൗച്ചർ നമ്പർ XV/FC/2022-23/P/17. തീയതി. 14.03.2023 |
| | | ആകെ | 31,07,309/- |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 31,07,309/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 1/2022-23 / 11.07.2023

തടസ്സപ്പെടുത്തുന്ന തുക – 31,07,309/- രൂപ

## 1-22 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2022-2023 ൽ 1718 കുടുംബങ്ങൾക്കായി സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽദിനങ്ങൾ 88199 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 507 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 3,00,03,921/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, ജല സംരക്ഷണം എന്നീ പ്രവൃത്തികൾക്കാണ് മുഖ്യമായും തുക വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന - ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.
2. വസ്തുക്കളുടെ കരം രസീത് പ്രകാരമുള്ള ആകെ വിസ്തൃതിയിൽ നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ/മേറ്റുമാരിൽ നിന്നും വാങ്ങി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
5. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പൂർണ്ണമാകാത്തതിനാൽ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് കഴിയുന്നില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. മെറ്റീരിയൽ രജിസ്റ്റർ ഹാജരാക്കിയില്ല.

8. വാർഡ് 9 ലെ നഴ്സറി നിർമ്മാണം പദ്ധതിയിൽ, വർക്ക് കോഡ് (1613004005/DP/342307), സാങ്കേതികാനുമതി നമ്പർ/തുക 100986/ 19.05.2023 (വർക്ക് പേര് W No.09), Surface Dressing, (8.06) Pandal. (3.689) Sowing Seeds (1.5 എന്നീ) പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്. മേൽ പ്രവൃത്തികൾക്ക് ആകെ വേണ്ട തൊഴിൽദിനം 13.349 ആണ്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോൾ (19691/14.03.2023 മുതൽ 20.03.2023) പ്രകാരം 26 തൊഴിൽദിനങ്ങൾക്കായി 311 രൂപ നിരക്കിൽ 8,086/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ അനുവദിക്കാമായിരുന്ന തുക (13@311) 4,151/- രൂപയാണ്. നിർവ്വഹിച്ച പ്രവൃത്തികൾക്ക് വേണ്ടതിൽ ഇരട്ടി തൊഴിൽദിനം അനുവദിക്കുന്ന പ്രവണത കാണുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിൽ അധികം രേഖപ്പെടുത്തിയ തൊഴിൽദിനം 2023-24 ലെ അവസാനബില്ലിൽ ക്രമീകരിച്ച് എം.ബുക്ക് എഴുതി തയ്യാറാക്കി ഹാജരാക്കി. പ്രവൃത്തി നടക്കുന്ന വേളയിൽ എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്താതെ പെയ്മെന്റ് സമയത്ത് അളവ് പുസ്തകത്തിൽ അളവുകൾ രേഖപ്പെടുത്തുന്ന രീതി ശരിയല്ല. പാർട്ട് ബില്ലുകൾ എഴുതുമ്പോൾ ചെയ്ത പ്രവൃത്തിക്ക് ആനുപാതികമായി അളവ് പുസ്തകത്തിൽ അവിദഗ്ധ, വിദഗ്ധ തൊഴിൽ ദിനം രേഖപ്പെടുത്തേണ്ടതാണ്.

9. സിമന്റിന് പ്രാദേശിക നിരക്ക് നിശ്ചയിച്ചില്ല- നിർമ്മാണ പ്രവൃത്തികൾക്ക് കരാറുകാർ ഹാജരാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ വിവിധ നിരക്കുകൾ നൽകുന്നു. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയലുകളിൽ, ഉൾപ്പെടുന്ന സിമന്റിന് 515/- രൂപ വരെ അനുവദിച്ചിരിക്കുന്നു. (ഗോട്ട് ഷെൽട്ടർ (IF/689325) മിഷൻ ഡയറക്ടറുടെ 17.08.2022ലെ കത്തിൽ സെക്യൂർ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലയെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാൻ പാടുള്ളൂവെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക നിരക്ക് നാളിതുവരെ നിശ്ചയിച്ചിട്ടില്ല. കരാറുകാർ ഹാജരാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ തുക പാസാക്കുന്ന രീതിയാണ് നിലനിൽക്കുന്നത്. പ്രാദേശിക നിരക്ക് നിശ്ചയിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകൾ പരിഹരിയ്ക്കുന്നതിനും തുടർ നടപടികൾക്കുമായി ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1-23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

പ്രോജക്റ്റ് നം. എസ്.ഒ.83/2023 (ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും വിതരണസാമഗ്രികളും വാങ്ങൽ)

അടങ്കൽ തുക – 2,00,000/- രൂപ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (ഹോമിയോ)

ചെലവ് – 2,00,000/- രൂപ (ബിൽ നമ്പർ 1/2022-23 തീയതി. 17.02.2023)

മരുന്നുകളുടെ വിലയിനത്തിൽ 2,00,000/- രൂപ ഹോംകോ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഈ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ഈയിനത്തിനായി ചെലവഴിച്ച 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ – 2/2022-23 / 11.07.2023

തടസ്സപ്പെടുത്തിയ തുക – 2,00,000/- രൂപ

## 1-24 ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് താഴെപ്പറയും പ്രകാരം തുക നൽകി. എന്നാൽ പ്രവൃത്തികളുടെ വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | തുക കൈപ്പറ്റിയ സ്ഥാപനം | തുക (രൂപ) | ബിൽ നം. / ചെക്ക് നം. |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി.<br>കുണ്ടറ | 12,893/- | 751436/15.12.22 |
| 2 | കെ.എസ്.ഇ.ബി.<br>ഈസ്റ്റ് കല്ലട | 6,708/- | 751438/15.12.22 |
| | ആകെ | 19,601/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 19,601/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 20/20.07.23

തടസ്സപ്പെടുത്തിയ തുക – 19,601/- രൂപ

## 1-25 ലൈഫ് ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ നാല് പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

2021-22 ൽ കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

പൊതുവിഭാഗം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പ്രോജക്റ്റ് നം. | കരാർ തീയതി | അനുവദിച്ച തുക ₹ | ബാക്കി തുക ₹ |
|---|---|---|---|---|---|
| 1 | ശ്രീമതി വൽസലാ വിജയൻ, | 86/22 | 18.02.22 | 3,50,000 | 50,000 |

| | | | | | |
|---|---|---|---|---|---|
| | വിനോദ് ഭവനം, വാർഡ് നം.8 | | | | |
| 2 | ശ്രീ. ഭഗത് കുമാർ, ഷൈലജാ മന്ദിരം, വാർഡ് നം.8 | 86/22 | 24.01.22 | 3,00,000 | 1,00,000 |
| 3 | ശ്രീ. പ്രസാദ്, വാലുവിള പടിഞ്ഞാറ്റതിൽ, വാർഡ് നം.12 | 86/22 | 21.02.22 | 3,00,000 | 1,00,000 |

എസ് സി പി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പ്രോജക്ട് നം. | കരാർ തീയതി | അനുവദിച്ച തുക ₹ | ബാക്കി തുക ₹ |
|---|---|---|---|---|---|
| 1 | ശ്രീമതി മിനി, കല്യാരുവിള, വാർഡ് നം.8 | 39/22 | 24.01.22 | 3,00,000 | 1,00,000 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ടുകൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

## 1-26 ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല.

ഭവന പുനരുദ്ധാരണത്തിനായി 2021-22 ൽ പ്രോജക്ട് നം. 93/22 പ്രകാരം ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര്, വിലാസം | കരാർ തീയതി | അർഹമായ തുക | അനുവദിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| ശ്രീമതി മേരി സുജ, നെട്ടുവിള വീട് | 30.10.21 | ₹40,000/- | ₹20,000 | ₹20,000 |

ഗുണഭോക്താവ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സമയബന്ധിതമായും കരാർ പ്രകാരവും നിർമ്മാണം പൂർത്തിയാക്കാത്തപക്ഷം അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 1-27 വിനിയോഗിക്കാതെ ശേഷിച്ച വികസന ഫണ്ട് വിഹിതം സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്

വാർഷിക ധനകാര്യപത്രികയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ തൻവർഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ₹14,08,938/- തിരികെ ലഭിച്ചിട്ടുള്ളതായി കാണുന്നു. ഈ തുക ഏതൊക്കെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി മുൻ വർഷങ്ങളിൽ ഒടുക്കിയതാണെന്നുള്ളതിന്റെ രേഖകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 19/22-23) ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുക വിനിയോഗിക്കാതെ തിരികെ നല്കിയതിന്റെ വിശദാംശങ്ങളുടെ രേഖകളും ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ ലഭ്യമാക്കിയ അക്കൗണ്ടിംഗ് രേഖകൾ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | രസീത് നം. | പ്രോജക്ട് നം., പേര് | ഫണ്ട് ഇനം | അനുവദിച്ച തുക₹ | വിനിയോഗിച്ചതായി പറഞ്ഞിട്ടുള്ള തുക ₹ | തിരികെ ലഭിച്ച തുക ₹ |
|---|---|---|---|---|---|---|
| 1 | 1220100650 04.07.22 | 118/2018-19 എസ്.സി കോളനിയിൽ | വികസന ഫണ്ട് എസ് | 19,80,000/- | 9,71,062/- | 10,08,938/- |

| | | | | | | |
|---|---|---|---|---|---|---|
| | | കുടിവെള്ള പദ്ധതി സ്ഥാപിക്കൽ | സി പി | | | |
| 2 | 1220100651 04.07.22 | 57/2019-20 പൈപ്പ് ലൈൻ സ്ഥാപിക്കൽ | സി എഫ് സി | 12,00,000/- | 8,00,000/- | 4,00,000/- |

മുൻ വർഷത്തെ വികസന ഫണ്ടിനത്തിൽ ചെലവഴിക്കാതെ തിരികെ ലഭിച്ച തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയിട്ടില്ല. തുക ഒടുക്കിയതിന്റെ വിശദാംശങ്ങളും മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 ഹരിത കർമ്മസേന - പ്രവർത്തനാവലോകനം

ഗ്രാമപഞ്ചായത്തിന്റെ പതിന്നാല് വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുന്നതിനായി ഇരുപത്തിയെട്ട് ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തന പരിധിയിൽ 5910 വീടുകളും 266 കടകളും ഉണ്ടെന്നുള്ള കണക്കുകളാണ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളത്.

മാസത്തിൽ ഒരു വീട്ടിൽ ഒരു ദിവസം പ്ലാസ്റ്റിക് ശേഖരണത്തിനായി സേനാംഗങ്ങൾ എത്തുന്നുണ്ട്. ഒരു മാസം ശരാശരി എട്ടുദിവസങ്ങൾ ശേഖരണവും ഏഴ് ദിവസങ്ങൾ തരം തിരിക്കലിനുമായി ചെലവഴിക്കുന്നു. പരമാവധി 40% വീടുകൾ, കടകൾ എന്നിവയിൽ നിന്നുമാണ് കളക്ഷനും ഫീസ് ഈടാക്കലും നടന്നിട്ടുള്ളതെന്ന് കാണുന്നു. പന്ത്രണ്ട് വാർഡുകളിലും കളക്ഷൻ നടപടികൾ സുതാര്യമാക്കുന്നതിനായി ബാർകോഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2023 ലെ ആദ്യ ആറു മാസങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ ഏറ്റവും കൂടിയ വരവ് ₹1,14,650/- ലഭിച്ചത് ജൂൺ മാസത്തിലാണ്.

ശേഖരിക്കുന്ന പ്ലാസ്റ്റിക് തരം തിരിച്ച് ഗ്രീൻ ടെക് കമ്പനിയ്ക്ക് കരാർ പ്രകാരമുള്ള നിരക്കിന് നല്കി വരുന്നു. ഒരു മാസം ശരാശരി ആയിരം കി.ഗ്രാം പ്ലാസ്റ്റിക് ഇത്തരത്തിൽ ശേഖരിച്ച് കൈമാറുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് നിലവിൽ പേരയം , പടപ്പക്കര എന്നീ സ്ഥലങ്ങളിലായി രണ്ട് എം സി എഫുകൾ പ്രവർത്തിക്കുന്നു. പേരയത്തുള്ള എം സി എഫ് നോടൊപ്പം ആർ ആർ എഫ്, ബെയിലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ കൂടി പ്രവർത്തിപ്പിച്ച് തുടങ്ങിയിട്ടുണ്ട്. ഇതുകൊണ്ട് കൂടുതൽ പ്ലാസ്റ്റിക് വേസ്റ്റ് കയറ്റി വിടുന്നതിനും കൂടുതൽ വരുമാനം ലഭിക്കുന്നതിനുമുള്ള സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

വാർഡുകളിൽ മിനി എം സി എഫുകൾ ഇല്ലായെന്നത് വലിയ പരിമിതിയാണ്. ഇതുകാരണം ശേഖരിക്കുന്ന പ്ളാസ്റ്റിക് പ്രത്യേകമായി സൂക്ഷിക്കുകയെന്നത് വലിയ വെല്ലുവിളിയാണ്. നിലവിൽ വാർഡു മെമ്പർമാർ, ഹരിത സേനാംഗങ്ങൾ എന്നിവരുടെ വീടുകളിലെ പരിമിത സൗകര്യങ്ങളാണ് ഉപയോഗിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ആറു വാർഡുകളിൽ മിനി എം സി എഫുകൾ സ്ഥാപിക്കുന്നതിന് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. വാർഡുകളിൽ നിന്നുമുള്ള പ്ലാസ്റ്റിക് ചാക്കുകൾ എംസിഎഫുകളിൽ എത്തിക്കുന്നതിനായി വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി വരുന്നതായും പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും വീടുകളേയും പ്രസ്തുത പ്രോജക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി ബോധവത്കരണം, ക്യാമ്പയിനുകൾ, സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി ഭവന സന്ദർശനവും ക്യാമ്പയിനുകളും ലഘുലേഖകളുടെ വിതരണം എന്നിവ സംഘടിപ്പിച്ചുവരുന്നതിന്റെ വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കി. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളുടെ പ്രതിമാസ അവലോകനം ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുന്നുണ്ട്. ഇതിൽ കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുക്കുന്നുണ്ട്.

2023 മേയ് വരെ ഐആർടിസി എന്ന സ്ഥാപനം ഹരിത സഹായ സ്ഥാപനമായി പ്രവർത്തിച്ചിരുന്നു. എന്നാൽ സ്ഥാപനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലായെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കരാർ റദ്ദുചെയ്യുകയും നിലവിൽ വി.ഇ.ഒ യുടെ മേൽ നോട്ടത്തിൽ പ്രവർത്തനം തുടരുകയും ചെയ്യുന്നതായി നിർവ്വഹണോദ്യോഗസ്ഥനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും അറിയിച്ചു. മേയിൽ 27% കളക്ഷൻ നടന്നിരുന്നെങ്കിൽ ജൂണിൽ 40% ആയി വർദ്ധിച്ചിട്ടുള്ളതായും കണക്കുകൾ സൂചിപ്പിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും അഭിനന്ദനാർഹമായ ഇടപെടൽ ഉണ്ടായിട്ടുള്ളതായി കാണുന്നു. എങ്കിലും കൂടുതൽ കവറേജിനായി ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഹരിതകർമ്മസേനാംഗങ്ങൾക്ക് എംസിഎഫിൽ ശുചിമുറി, ജലലഭ്യത എന്നിവ ഉറപ്പു വരുത്തിയിട്ടുണ്ട്. എംസിഎഫുകളിൽ ഫയർ എക്സ്റ്റിൻഗ്വഷറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നിലവിലെ എംസിഎഫുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യു വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നത് ഒരു പരിമിതിയാണ്.

ഒരു ഹരിത കർമ്മ സേനാംഗത്തിന് ഒരുമാസം നാലായിരം രൂപവരെ ശരാശരി വരുമാനം ലഭിക്കുന്നുണ്ട്. കളക്ഷൻ പ്രവർത്തനങ്ങളും ബെയിലിംഗ്, ഷ്രെഡ്ഡിംഗ് എന്നിവയും കാര്യക്ഷമമാകുമ്പോൾ വരുമാന വർദ്ധനവ് ഉറപ്പുവരുത്താവുന്നതാണ്. കളക്ഷൻ, എംസിഎഫ് ജോലികൾ ഇല്ലാത്ത ദിവസങ്ങളിൽ സേനാംഗങ്ങൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മറ്റു വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രോജക്ടുകൾ ഒന്നും തന്നെ നിലവിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും വിഭാവനം ചെയ്തു കാണുന്നില്ല. "പ്ലാസ്റ്റിക് മാലന്യ മുക്ത ഗ്രാമം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ ക്രിയാത്മകമായ ഇടപെടലുകളും പൊതുജനത്തിന്റെയിടയിൽ അവബോധവും സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യം നിലനില്ക്കുന്നു.

### 1-29 ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ് – തുടർ നടപടി രേഖയില്ല

പ്രോജക്ട് നം. 76/23
അടങ്കൽ തുക- 30,000/- രൂപ (മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)
ചെലവ് - 29,528/- രൂപ
ബിൽ നം. 45/25.03.2023
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി

റീജിണൽ ക്യാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ 12.03.2023 ൽ നടത്തിയ ക്യാൻസർ നിർണ്ണയ ക്യാമ്പിൽ 67 പേർ രജിസ്റ്റർ ചെയ്തതായും സ്ഥാപനത്തിനുള്ള ഫീസും (24,268/- രൂപ) ക്യാമ്പ് നടത്തിപ്പ് ചെലവും ഉൾപ്പെടെ 29,528/- രൂപ ചെലവഴിച്ചതായും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടു. ഹാജരാക്കിയ പ്രോജക്ട് ഫയലിൽ 33 പേരുടെ Cytopathology Report മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രാഥമിക സ്ക്രീനിംഗ് പരിശോധന, നിർദ്ദേശിക്കപ്പെട്ടവർക്ക് വിശദമായ തുടർ പരിശോധന, ചികിത്സ എന്നിവ നടത്തിയാൽ മാത്രമേ ക്യാമ്പ് നടത്തിയതിന്റെ ലക്ഷ്യം പൂർത്തിയാകുകയുള്ളൂ. അതിനാൽ തുടർനടപടി/അവലോകന രേഖകൾ, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.
ഓഡിറ്റ് എൻക്വയറി നം – 3/13.07.2023

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.60,300/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

1. പ്രോജക്ട് നം. /പേര് (എസ്.ഒ.193/2023) പോത്തുകുട്ടി വിതരണം (ജനറൽ-വനിത)

നിർവ്വഹണം – വെറ്ററിനറി സർജൻ

അടങ്കൽ 2,17,500/- രൂപ, വികസന ഫണ്ട് (ജനറൽ)

ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് - 2,17,500/- രൂപ

ആകെ – 4,35,000/- രൂപ

ചെലവ് – 2,17,500/- രൂപ (ബിൽ നമ്പർ 12/2022-23 / 28.03.2023 )

2,17,500/- രൂപ (ചെക്ക് നമ്പർ 752488 / 28.03.2023, വൗച്ചർ നമ്പർ 22201092/27.03.2023)

6-8 മാസം പ്രായമുള്ള പോത്തുകുട്ടികളെ പർച്ചേസിംഗ് കമ്മിറ്റിവഴി തെരഞ്ഞെടുത്ത് 29 ഗുണഭോക്താക്കൾക്ക് 7,500/- രൂപ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. 29 ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 15,000/- രൂപ നിരക്കിൽ 4,35,000/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 5 ഗുണഭോക്താക്കളായ ഓമന, മനു ഭവനം (വാർഡ് 9), പുഷ്പകുമാരി, കലാ ഭവൻ (വാർഡ് 9), ബബിത, ആനന്ദ മന്ദിരം (വാർഡ് 10), പ്രിൻസി, പ്രിൻസി ഭവൻ (വാർഡ് 12), ലൈല എ, ചരിവ് പുരയിടം (വാർഡ് 13) എന്നിവർക്ക് 16.03.2023 ലെ 1/2 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ആനുകൂല്യം നല്കിട്ടുണ്ട്. ആനുകൂല്യവിതരണത്തിന് മുമ്പ് ചേർന്ന ഗ്രാമസഭകളുടെ മിനിട്സിൽ ഈ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടില്ല. സ.ഉ. കൈ. നം. 84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022, 12.3 (16) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒഴിവായി പോയ അർഹരെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണം. എന്നാൽ ആനുകൂല്യം നൽകിയ മേൽ ഗുണഭോക്താക്കളെ ഇപ്രകാരം ഗ്രാമസഭയിൽ തെരഞ്ഞെടുത്ത് അംഗീകരിച്ചിട്ടില്ല. ആയതിനാൽ മേൽ ഗുണഭോക്താക്കൾക്ക് അനർഹമായി ആനുകൂല്യമിനത്തിൽ നൽകിയ (7,500*5=37500/-) രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥ, സെക്രട്ടറി, ഗുണഭോക്താക്കളെ അംഗീകരിച്ച കമ്മിറ്റിയിൽ ഹാജരായ 14 ഭരണ സമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

2. പ്രോജക്ട് നം./പേര് (എസ്.ഒ.104/2023) മുട്ടകോഴി വളർത്തൽ (എസ്.സി വനിത )

നിർവ്വഹണം – വെറ്ററിനറി സർജൻ

അടങ്കൽ – 45,000/- രൂപ, വികസന ഫണ്ട് (എസ്.സി.പി)

ചെലവ് – 35,400/- രൂപ, (ബിൽ നമ്പർ 4/2022-23 തീയതി. 13.03.2023 )

അടുക്കളമുറ്റത്തെ കോഴി വളർത്തൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 45 മുതൽ 60 ദിവസം വരെ പ്രായമുള്ള 5 കോഴി കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് (കൂടില്ലാതെ) 600/- രൂപ യൂണിറ്റ് കോസ്റ്റിൽ (120*5) 100% സബ്സിഡി നൽകി വിവിധ വാർഡുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വാർഡ് 7 (12 പേർ) വാർഡ് 8 (12 പേർ) വാർഡ് 9 (6 പേർ) വാർഡ് 10 (4 പേർ) വാർഡ് 12 (4 പേർ) എന്നിവരെ പഞ്ചായത്ത് കമ്മിറ്റിയുടെ 10.01.2023 ലെ 1(20) നമ്പർ തീരുമാനപ്രകാരം അധികഗുണഭോക്തക്കളായി അംഗീകരിച്ച് ആനുകൂല്യം നല്കിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത വാർഡുകളിൽ ആനുകൂല്യ വിതരണത്തിന് മുമ്പ് ചേർന്ന ഗ്രാമസഭയുടെ മിനിട്സിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ അംഗീകരിച്ച് ഉൾപ്പെടുത്തിയിട്ടില്ല.

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022, 12.3 (16) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒഴിവായിപോയ അർഹരെ കൂട്ടിച്ചേർക്കുന്നത് ആനുകൂല്യം നല്കുന്നതിന് മുമ്പ് ചേരുന്ന ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണം എന്നാൽ മേൽ

ഗുണഭോക്താക്കളെ ഇപ്രകാരം ഗ്രാമസഭയിൽ തെരഞ്ഞെടുത്ത് അംഗീകരിച്ചിട്ടില്ല. ആയതിനാൽ മേൽ ഗുണഭോക്താക്കൾക്ക് അനർഹമായി ആനുകൂല്യമിനത്തിൽ നൽകിയ (600*38=22,800/-) രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥ, സെക്രട്ടറി, ഗുണഭോക്താക്കളെ അംഗീകരിച്ച കമ്മിറ്റിയിൽ ഹാജരായ 14 ഭരണ സമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.


ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകി എന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

ഖണ്ഡിക (1), (2) പ്രകാരമുള്ള തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും, പ്രസ്തുത തീരുമാനം അംഗീകരിച്ച പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്.

നിരാകരണം 60,300/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ – 15/2022-23 / 19.07.2023

<u>സകർമ്മ മിനിട്ട്സ് ,ഭരണ സമിതി അംഗങ്ങളുടെ ഹാജർ രജിസ്റ്ററിൻ്റെ പകർപ്പ്, ഗ്രാമപഞ്ചായത്ത് സമിതി അംഗീകരിച്ച അധിക ഗുണഭോക്തൃ ലിസ്റ്റ്</u>



അംഗീകരിച്ച മിനുട്സ്


പേരയം ഗ്രാമ പഞ്ചായത്ത്

02:30 PM

| ക്രമനമ്പർ | വാർഡിന്റെ നമ്പർ | വാർഡിന്റെ പേര് | മെമ്പറുടെ/ കൗൺസിലറിന്റെ പേര് | ഹാജരായിരുന്ന സമയം (IN) | വിട്ടുനിന്ന സമയം (OUT) | സമയ ദൈർഘ്യം (DURATION(Min(s))) |
|---|---|---|---|---|---|---|
| 1 | 1 | കുതിരമുനമ്പ് | ഷേർളി എൻ | 3:00PM-04:00 PM | 02:30 PM-2:59PM | 60 |
| 2 | 2 | പടപ്പക്കര | അനീഷ് പടപ്പക്കര | 2:30PM-04:00 PM | | 90 |
| 3 | 3 | കരിക്കുഴി | സ്റ്റാഫോർഡ് ബി | 2:30PM-04:00 PM | | 90 |
| 4 | 4 | കുമ്പളം | ആലീസ് എ | 2:30PM-04:00 PM | | 90 |
| 5 | 5 | കുമ്പളം പി.എച്ച്.സി | ബിനോയ് ജോർജ് | 2:30PM-04:00 PM | | 90 |
| 6 | 6 | പേരയം എ | പി രമേശ് കുമാർ | 2:30PM-04:00 PM | | 90 |
| 7 | 7 | പള്ളിയറ | രജിത സജീവ് | 2:30PM-04:00 PM | | 90 |
| 8 | 8 | കോട്ടപ്പുറം | വിനോദ് പാപ്പച്ചൻ | 2:30PM-04:00 PM | | 90 |
| 9 | 9 | മുളവന | റേച്ചൽ ജോൺസൺ | 2:30PM-04:00 PM | | 90 |
| 10 | 10 | പേരയം ബി | സോഫിയ ഐസക് | 2:30PM-04:00 PM | | 90 |
| 11 | 11 | കാഞ്ഞിരകോട് | സിൽവിയ സെബാസ്റ്റ്യൻ | 2:30PM-04:00 PM | | 90 |
| 12 | 12 | നീരാഴിക്കൽ | ചെറുപുഷ്പം | 2:30PM-04:00 PM | | 90 |
| 13 | 13 | എസ്.ജെ.ലൈബ്രറി | ഷാജി വട്ടത്തറ | 2:30PM-04:00 PM | | 90 |
| 14 | 14 | ഫാത്തിമ ജംഗ്ഷൻ | സുരേഷ് ബി | 2:30PM-04:00 PM | | 90 |

Secretary

meeting.lsgkerala.gov.in/Pages/PublicMinutes.aspx



78


Perayam Grama Panchayat

**Attendance Register of Members**

Date & time of ordinary / special urgent Meeting — Date 16.03.23, Time 3.30 pm

| No. | Name | Ward No. | Signature of Member | Time of arrival | Time of departure | Initial of President |
|---|---|---|---|---|---|---|
| | [illegible] | II | | | | [signature] |
| | [illegible] | X | | | | |
| | [illegible] | XIV | [signature] | | | |
| | [illegible] | XI | [signature] | | | |
| | [illegible] | VII | [signature] | | | |
| | [illegible] | IV | [signature] | | | |
| | [illegible] | VI | [signature] | | | |
| | [illegible] | XII | [signature] | | | |
| | [illegible] | VIII | [signature] | | | |
| | [illegible] | XIII | [signature] | | | |
| | [illegible] | IX | [signature] | | | |
| | [illegible] | I | [signature] | | | |
| | [illegible] | III | [signature] | | | |
| | [illegible] | V | [signature] | | | |

Secretary
Perayam Grama Panchayat
Mulavana P.O.
Kollam District, PIN - 691503
Kerala, India
Mob: 9496041787, Ph: 2522421



## പേരയം ഗ്രാമപഞ്ചായത്ത്

*10.01.2023 ലെ സാധാരണ യോഗത്തിലെ*

*1(20) നമ്പർ തീരുമാനം.*


പേരയം ഗ്രാമപഞ്ചായത്തിൻറെ 2022/23 വാർഷിക പദ്ധതിയില് ഉൾപ്പെട്ട 104/23 – മുട്ടക്കോഴി വളർത്തല് (എസ് സി വനിത) പദ്ധതിയുടെ അധിക ഗുണഭോക്താക്കളായി ചുവടെ ചേർക്കുന്നവരെ അംഗീകരിച്ച് തീരുമാനിച്ചു.

വാർഡ് 7

1. സുമാവതി, രജനീ ഭവൻ
2. സുധർമ്മ, കാർത്തിക ഭവനം
3. ഓമന, ഉണ്ടുവിളവീട്
4. ഓമന, പൊയ്കയിൽ മേലതിൽവീട്
5. പുഷ്പവല്ലി, പത്മ വിലാസം
6. ഭാരതി, പൊയ്കയിൽ മേലതില്
7. ശാന്ത കെ, കളീലിൽ പുത്തൻവീട്
8. രമാവതി, സദി ഭവൻ
9. സുജി, ശ്രീ ഭവൻ
10. യമുന, അക്ഷയ് നിവാസ്
11. അജിതാകുമാരി, അമൃതാലയം
12. അമ്പിളി, മലയിൽചരുവില് പുത്തൻവീട്

വാർഡ് 8

1. സന്ധ്യാ ബാലൻ, തെക്കേവിള മൂലപ്പുരവീട്
2. സരസ്വതി എൻ, തെക്കേവിള മൂലപ്പുരവീട്
3. ലീലാ സോമൻ, സുനില് ഭവന്
4. ഇന്ദിര കെ, കല്യാരുവിളവീട്
5. ഷൈലജ എസ്, ശ്രീശൈലം
6. ബിന്ദു എസ്, സാരംഗ് നിവാസ്
7. അംബിക, മുകളുവിളവീട്
8. അജിത, ശിവമന്ദിരം
9. ബിൻസി. തെക്കേവിള മൂലപ്പുരവീട്
10. എൻ രാജലേഖ, തെക്കേവിള വീട്
11. സുനി ബി, തെക്കേവിള സനീവ് ഭവനം
12. സ്വർണ്ണമ്മ, തെക്കേവിളവീട്



വാർഡ് 9
1. ഓമന, തടത്തിൽവീട്, പേരയം
2. വിലാസിനി, ചരുവിൽ പടിഞ്ഞാറ്റതില്, പേരയം
3. വസന്ത, തെക്കേതടത്തുവിള, പേരയം
4. സുജാത, സൂര്യ നിവാസ്, പേരയം
5. വിമല, ചരുവിൽ പടിഞ്ഞാറ്റതില്, പേരയം
6. ജഗദമ്മ, കൊച്ചുകഞ്ഞ് വിലാസം, പേരയം

വാർഡ് 10
1. ഷീലാ മോഹൻ, മോഹന് വില്ല
2. പ്രീതി, കളക്കാല ജയന്തി
3. വസന്ത, തെങ്ങയ്യത്ത് വീട്
4. ശാന്ത, പുറ്റിംഗൽ തെക്കതില്

വാർഡ് 12
1. കൃഷ്ണമ്മ, ചരുവിൽവീട്, നീരൊഴുക്കിൽ
2. രാധ, രമ്യാ ഭവനം, കരിക്കുഴി
3. [illegible] വിജയമന്ദിരം
4. ബേബി, സെറ്റിൽമെൻറ്.കോളനി

(ഒപ്പ്)


പ്രസിഡൻറ്

38 x ഷോൾ
600
= 22800/- dis

//പകർപ്പ്//

Gigimol Alex

Secretary
Perayam Grama Panchayat
Mulavana P.O.
Kollam District, PIN - 691503
Kerala, India
Mob: 9496041787, Ph: 2522423




Perayam grama Panchayat
**Attendance Register of Members** 73

Date 10/1/2023
Time 11 am

| Name | Ward No. | Signature of Member | Time of arrival | Time of departure | Initial of President |
|---|---|---|---|---|---|
| [illegible] | II | | | | [signature] |
| [illegible] | IX | | | | [signature] |
| [illegible] | I | [signature] | | | |
| B. S[illegible] | III | [signature] | | | |
| [illegible] | XIV | [signature] | | | |
| [illegible] | XI | [signature] | | | |
| [illegible] | VI | [signature] | | | |
| [illegible] | IV | [signature] | | | |
| [illegible] | XII | [signature] | | | |
| [illegible] | VII | [signature] | | | |
| [illegible] | X | [signature] | | | |
| [illegible] | XIII | [signature] | | | |
| [illegible] | V | [signature] | | | |
| [illegible] | VIII | [signature] | | | |

Secretary
Perayam Grama Panchayat
Mulavana P.O.
Kollam District, PIN - 691503
Kerala, India
Mob: 9496041787, Ph: 2522423



https://meeting.lsgkerala.gov.in/Pages/AgendaDecisionletter.aspx

പേരയം ഗ്രാമ പഞ്ചായത്ത്

16.03.2023 തീയതി നടന്ന അടിയന്തിരയോഗത്തിലെ
1 / 2 നമ്പർ തീരുമാനം.

അജണ്ട :

1 : 2022/23 വാർഷിക പദ്ധതി അവലോകനം :-

ഫയൽ നമ്പർ : SC1-100/2023


തീരുമാന നമ്പർ : 1/2

തീരുമാനം :- തീയതി : 16.03.2023

2022/23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പോത്തുകുട്ടി വിതരണം (ജനറൽ -വനിത) പദ്ധതിയുടെ ഗുണഭോക്താക്കളായി ചുവടെ ചേർക്കുന്നവരെ അംഗീകരിച്ച് തീരുമാനിച്ചു. ടി തീരുമാനിത്തിന് അടുത്ത ഗ്രാമസഭാ യോഗത്തിൽ സാധൂകരണം ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

1. മഞ്ജു. മഞ്ജു വിലാസം, വാർഡ് 1
2.. ഷൈല എഫ്, കാട്ടുവിള കിഴക്കതിൽ, വാർഡ് 2
3. അനി, ജാസ്മിൻവില്ല, വാർഡ് 2
4. പുഷ്പറാണി ജോർജ്ജ്, അശ്വിൻ വിലാസം, വാർഡ് 3
5. വിജയമ്മ, പ്ലാവിള വീട്, വാർഡ് 3
6. റോസാരിയ എ, വിമലാ മന്ദിരം, വാർഡ് 3
7. സുനിത, പ്ലാവിള വീട്, വാർഡ് 4
8. സീന. ജെ ജെ ഭവൻ, വാർഡ് 4
9.ജസീന്ത, ചെറുപുഷ്പ വിലാസം, വാർഡ് 4
10. ബിയാട്രിസ്, വാഴവിള വീട്, വാർഡ് 5
11. ഡാലിയ, ജോ വില്ല, വാർഡ് 5
12. സ്മിതാമോൾ റ്റി, നെട്ടുവിള പടിഞ്ഞാറ്റതിൽ, വാർഡ് 6
13. ലാലി ബോസ്, അധികാരിവിള കിഴക്കതിൽ, വാർഡ് 6
14അമ്മിണിക്കുട്ടി മത്തായി, പ്ലാവിള ജിനോയി ഭവൻ, വാർഡ് 6
15. ഷീജ, പാലവിള പുത്തൻവീട്, വാർഡ് 7
16. ഓമന, പാലവിള പുത്തൻവീട്, വാർഡ് 7
17ലളിത, ജിബിൻ ഭവനം, വാർഡ് 7
18. സോജാമോൾ ആർ, ചരുവിള പുത്തൻവീട്, വാർഡ് 8
19. സുനി ജെ, വാറ്പുരയിടം, വാർഡ് 8
20. ഓമന, മനു ഭവനം, വാർഡ് 9
21. പുഷ്പകുമാരി, കലാ ഭവൻ, വാർഡ് 9
22. ബബിത, ആനന്ദ മന്ദിരം, വാർഡ് 10
23. ജസീന്ത, ചരുവിള വീട്, വാർഡ് 10
24. മെറ്റിൽഡ, പള്ളിപ്പൊയ്ക വീട്, വാർഡ് 11

https://meeting.lsgkerala.gov.in/Pages/AgendaDecisionletter.aspx 1/2



7/12/23, 11:55 AM https://meeting.lsgkerala.gov.in/Pages/AgendaDecisionletter.aspx

25. ടെൽമ, പുതുശ്ശേരിവിള, വാർഡ് 11
26. പ്രിൻസി, പ്രിൻസി ഭവൻ, വാർഡ് 12
27. ഷൈലജ, ജോജാ ലാൻഡ്, വാർഡ് 13
28. ലൈല എ, ചരിവു പുരയിടം വാർഡ് 13.
29. ഷീല വിജയൻ, ഷീലാ വിലാസം, വാർഡ് 14

തീരുമാന വിവരണം :-

(ഒപ്പ്)
പ്രസിഡന്റ്

//ശരിപകർപ്പ് //

സെക്രട്ടറി

Secretary
Perayam Grama Panchayat
Mulavana P.O.
Kollam District, PIN - 691503
Kerala, India

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 14.7.23, 15.7.23 | കെ.എസ്.എ.കെ.എൽ.എം.പി.4/1426/23 / 23.08.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000/- | പാലിയേറ്റീവ് കെയർ പദ്ധതി | 1,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000/- | അനുപൂരകപോഷകാഹാരം | 1,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,00,000/- | ഭിന്നശേഷിക്കർക്ക് സ്കോളർഷിപ്പ് | 1,00,000/- | 1,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 10,00,000/- | ലൈഫ്(ജനറൽ) | 1,00,000/- | 9,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,00,000/- | പാലിന് സബ്സിഡി | 3,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,00,000/- | അനുപൂരകപോഷകാഹാരം | 43,407/- | 56,593/- |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000/- | ഭിന്നശേഷിക്കർക്ക് സ്കോളർഷിപ്പ് | 1,00,000/- | 1,00,000/- |
| ജില്ലാ പഞ്ചായത്ത് | 2022-23 | 10,00,000/- | ലൈഫ്(ജനറൽ) | 5,60,000/- | 4,40,000/- |
| ജില്ലാ പഞ്ചായത്ത് | 2022-23 | 5,00,000/- | ലൈഫ്(എസ്.സ്.പി) | 2,60,000/- | 2,40,000/- |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,89,522/- | ഭിന്നശേഷിക്കർക്ക് സ്കോളർഷിപ്പ് | 1,00,000/- | 89,522/- |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000/- | പാലിന് സബ്സിഡി | 75,765/- | 1,24,235/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | കുഴൽകിണർ നിർമ്മിക്കൽ | 22200856/ 15.2.23 22201059/ 24.3.23 | 22,35,780 | 15,19,443 | 7,16,337 |
| ഭൂജലവകുപ്പ് | കുഴൽകിണർ നിർമ്മിക്കൽ | 22201062/ 24.3.23 | 9,64,220 | 9,64,220 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ | 42201105/ | 4,23,646 | 4,23,646 | 0 |

| | | | | | |
|---|---|---|---|---|---|
| | വലിക്കൽ | 31.3.23 | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | Go(ms)No.68/2018/lsgd Dt.18.5.18 | 29,40,000 | 18,53,683 | 7,41,875 | 0 | 40,51,808 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷംലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീസ് നം തിയതി |
|---|---|---|---|---|
| 2006-07 | 3.9 | 2,354/- | Dr.Sherly | 1220100382/23.5.22 |
| 2005-06 | 3.3 | 300/- | Mrunalini Manju | 1220100448/30.5.22 |
| 2005-06 | 3.3 | 150/- | Raji.M.L | 1220100483/1.6.22 |
| 2019-20 | 1.12(1) | 8,084 | Johnson | 1220101644/9.12.22 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3.9 | 2006-07 | 3.11.4 | ജനകീയ പാർപ്പിട പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1999-2000 | 3.7 | 2006-07 | 3.11.4 | പമ്പ്സെറ്റ് സ്ഥാപിക്കൽ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3,769/- | ഡോ. ദീപാ മേരി (വെറ്ററിനറി സർജ്ജൻ) |
| 3-1 | | 3,769/- | ശ്രീമതി. ജിജിമോൾ അലക്സ് (സെക്രട്ടറി) |
| 3-1 | | 3,769/- | ശ്രീമതി. ഷേർലി. എൻ. (മെമ്പർ) |
| 3-1 | | 3,769/- | ശ്രീ. അനീഷ് പടപ്പക്കര (പ്രസിഡന്റ്) |
| 3-1 | | 3,769/- | ശ്രീ. സ്റ്റഫോർഡ്. ബി. (മെമ്പർ) |
| 3-1 | | 3,769/- | ശ്രീമതി. ആലീസ്. എ (മെമ്പർ) |
| 3-1 | | 3,769/- | ശ്രീ. ബിനോയ് ജോർജ്ജ്(മെമ്പർ) |
| 3-1 | | 3,769/- | ശ്രീ. പി. രമേശ് കുമാർ (മെമ്പർ) |
| 3-1 | | 3,769/- | ശ്രീമതി. രജിത സജിവ് (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |
| 3-1 | | 3,769/- | ശ്രീ. വിനോദ് പാപ്പച്ചൻ (മെമ്പർ) |
| 3-1 | | 3,769/- | ശ്രീമതി. റയ്ച്ചൽ ജോൺസൺ (മെമ്പർ) |
| 3-1 | | 3,769/- | ശ്രീമതി. ലത ബിജു (വൈസ് പ്രസിഡന്റ്) |
| 3-1 | | 3,769/- | ശ്രീമതി. സിൽവിയ സെബാസ്റ്റ്യൻ (മെമ്പർ) |
| 3-1 | | 3,769/- | ശ്രീമതി. ചെറുപുഷ്പം (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |
| 3-1 | | 3,769/- | ശ്രീ. ഷാജി വട്ടത്തറ (മെമ്പർ) |
| 3-1 | | 3,769/- | ശ്രീ. സുരേഷ്. ബി (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 31,07,309/- | ശ്രീമതി. ജിജിമോൾ അലക്സ് (സെക്രട്ടറി) |
| 1-23 | 2,00,000/- | ഡോ. ഷീന പി. എസ്. (മെഡിക്കൽ ഓഫീസർ - ഹോമിയോ) |
| 1-24 | 19,601/- | ശ്രീമതി. ജിജിമോൾ അലക്സ് (സെക്രട്ടറി) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 7,740/- | ശ്രീമതി. ജിജിമോൾ അലക്സ് (സെക്രട്ടറി) |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അ ന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ ഔദ്യോഗിക മേൽവിലാസം) | |
| ഡോ. ദീപാ മേരി (വെറ്ററിനറി സർജ്ജൻ) | വെറ്ററിനറി സർജ്ജൻ, പേരയം ഗ്രാമപഞ്ചായത്ത്. | തേൻഗക്കുട്ടിൽ ഹൌസ്, വടക്കുംഭാഗം, ഇരവിപുരം പി.ഒ, കൊല്ലം. |
| ശ്രീമതി. ജിജിമോൾ അലക്സ് (സെക്രട്ടറി) | സെക്രട്ടറി, പേരയം ഗ്രാമപഞ്ചായത്ത്. | ആനന്ദ ഭവനം, കുമ്പളം പി.ഒ, കുണ്ടറ. |
| ശ്രീമതി. ഷേർലി. എൻ (മെമ്പർ) | മെമ്പർ, പേരയം ഗ്രാമപഞ്ചായത്ത്. | മംഗളചരുവിൽ, പടപ്പക്കര പി.ഒ, കുണ്ടറ. |
| ശ്രീ. അനീഷ് പടപ്പക്കര (പ്രസിഡന്റ്) | പ്രസിഡന്റ്, പേരയം ഗ്രാമപഞ്ചായത്ത്. | അനീഷ്ഭവൻ, പടപ്പക്കര പി.ഒ, കുണ്ടറ. |
| ശ്രീ. സ്റ്റഫോർഡ്. ബി (മെമ്പർ) | മെമ്പർ, പേരയം ഗ്രാമപഞ്ചായത്ത്. | സുധാമന്ദിരം, കരിക്കുഴി, പടപ്പക്കര, പി.ഒ, കുണ്ടറ. |
| ശ്രീമതി. ആലീസ്. എ (മെമ്പർ) | മെമ്പർ, പേരയം ഗ്രാമപഞ്ചായത്ത്. | തെക്കേമറ്റേൽ, കുമ്പളം. പി.ഒ, കുണ്ടറ. |
| ശ്രീ. ബിനോയ് ജോർജ്ജ് (മെമ്പർ) | മെമ്പർ, പേരയം ഗ്രാമപഞ്ചായത്ത്. | ലില്ലിഭവൻ, കുമ്പളം പി.ഒ, കുണ്ടറ. |
| ശ്രീ. പി. രമേശ് കുമാർ (മെമ്പർ) | മെമ്പർ, പേരയം ഗ്രാമപഞ്ചായത്ത്. | ഉഷാമന്ദിരം, പേരയം, മുളവന പി.ഒ. |
| ശ്രീമതി. രജിത സജിവ് (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺ) | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺ, രയം ഗ്രാമപഞ്ചായത്ത്. | പറങ്കിമാംവിളപുത്തൻ വീട്, മുളവന പി.ഒ. |
| ശ്രീ. വിനോദ് പാപ്പച്ചൻ (മെമ്പർ) | മെമ്പർ, പേരയം ഗ്രാമപഞ്ചായത്ത്. | മാർത്താണ്ഡപുരം വീട്, കോട്ടപ്പുറം, മുളവന പി.ഒ. |
| ശ്രീമതി. റയ്ച്ചൽ ജോൺസൺ (മെമ്പർ) | മെമ്പർ, പേരയം ഗ്രാമപഞ്ചായത്ത്. | സജിസദനം, മുളവന പി.ഒ, കുണ്ടറ. |
| ശ്രീമതി. ലത ബിജു (വൈസ് പ്രസിഡന്റ്) | വൈസ് പ്രസിഡന്റ്, പേരയം ഗ്രാമപഞ്ചായത്ത്. | ബ്രീൻ നിവാസ്, പൊട്ടിമുക്ക്, പേരയം, മുളവന പി.ഒ. |
| ശ്രീമതി. സിൽവിയ സെബാസ്റ്റ്യൻ (മെമ്പർ) | മെമ്പർ, പേരയം ഗ്രാമപഞ്ചായത്ത്. | ചരുവിളമറ്റേൽ വീട്, കഞ്ഞിരംകോട്, കുണ്ടറ. |
| ശ്രീമതി. ചെറുപുഷ്പം (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺ, പേരയം ഗ്രാമപഞ്ചായത്ത്. | പറങ്കിമാംവിള മേക്കേ – ചരുവിള, കഞ്ഞിരംകോട്, മുളവന പി.ഒ. |
| ശ്രീ. ഷാജി വട്ടത്തറ (മെമ്പർ) | മെമ്പർ, പേരയം ഗ്രാമപഞ്ചായത്ത്. | വട്ടത്തറവീട്, എൻ.എസ്. നഗർ, പടപ്പക്കര പി.ഒ, കുണ്ടറ. |
| ശ്രീ. സുരേഷ്. ബി (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺ, പേരയം ഗ്രാമപഞ്ചായത്ത്. | സുജഹൌസ്, കുമ്പളം പി.ഒ, കുണ്ടറ. |
| ഡോ. ഷീന പി. എസ്. (മെഡിക്കൽ ഓഫീസർ – ഹോമിയോ) | മെഡിക്കൽ ഓഫീസർ – ഹോമിയോ, പേരയം ഗ്രാമപഞ്ചായത്ത്. | ഉത്തമ, താന്നിക്കമുക്ക്, പെരിനാട്. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 1998-99 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 1999-2000 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2000-01 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2001-02 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2002-03 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2003-04 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2004-05 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2005-06 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2006-07 | കെ എസ് എ.കെ എൽ എം.പി 4-783(1)/19 തീയതി 7-6-19 |
| 2007-08 | കെ എസ് എ.കെ എൽ എം.പി 4-783(2)/19 തീയതി 7-6-19 |
| 2008-09 | കെ എസ് എ.കെ എൽ എം.പി 4-783(3)/19 തീയതി 7-6-19 |
| 2009-10 | കെ എസ് എ.കെ എൽ എം.പി 4-783(4)/19 തീയതി 7-6-19 |
| 2010-11 | കെ എസ് എ.കെ എൽ എം.പി 4-783(5)/19 തീയതി 7-6-19 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി4/അദാലത്ത് 2011-12/709/22 തീയതി. 20.08.2022 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.പി4/അദാലത്ത് 2012-13/708/22 തീയതി. 20.08.2022 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.പി4/അദാലത്ത് 2013-14/706/22 തീയതി. 20.08.2022 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി4/അദാലത്ത് 2015-16/707/22 തീയതി. 20.08.2022 |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം.പി 6/1116/17 തീയതി.- 15.06.2017 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി 4/84/19 തീയതി.- 09.03.2020 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി 4/88/20തീയതി.- 6.5.2020 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി 4/948/21തീയതി.- 8.1.22 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി 4/952/21 തീയതി.- 19.1.22 |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി 4/2393/22 തീയതി - 29.3.23 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം , കൊല്ലം.

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Perayam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Perayam Grama Panchayat for the year 2022-2023

Date: 08/09/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Perayam Grama Panchayat for the Year 2022-2023.

**1.Major Observations**

Discrepancies / Omissions in carrying forward of the closing balance in the year in respect of liabilities.

**2.Other Observations**

1) Ratios, Secretary note as prescribed in accounting rules are not submitted for audit.

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Demand register does not match with Financial statements.

4) The following registers are does not match with accounts.

Stock register, Advance register, Asset register.

5) Lapses in making timely and accurate demand entries in respect of tax and non tax revenue.

6) Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

7) The following demand registers are not periodically reconciled with accounts.

8) The bills not passed by the treasury were not excluded from the web Samkhya ACR expenditure.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.